സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

സർവ്വീസിൽനിന്നും പെൻഷനായ വിവിധ വിഭാഗം ജീവനക്കാരുടെ ആവശ്യങ്ങൾ - പെൻഷൻ ഫണ്ട് കോർപ്പസ് ഫണ്ടാക്കിക്കൊണ്ട് Rule frame ചെയ്യുന്നതിന് കമ്മിറ്റി രൂപീകരിച്ച സംഗതി - തിരുവിതാംകൂർ ദേവസ്വം സർവ്വീസ് പെൻഷനേഴ്സ് അസോസ്സിയേഷൻ ജനറൽ സെക്രട്ടറിയുടെ കത്ത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 8003/16/Est-I** നന്തൻകോട്, 14/06/2018

---

പരാമർശം :- 1) ബഹു: ഹൈക്കോടതിയുടെ 10-04-1992 ലെ OP No.3821 of 1990 -ാം നമ്പർ ഉത്തരവ്.

2) 18-03-1997 ലെ ROC 4916/97/Est-1 നമ്പർ ഉത്തരവ്.

3) തിരുവിതാംകൂർ ദേവസ്വം സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷൻ -ന്റെ 05-06-2018 ലെ 29 -ാം നമ്പർ കത്ത്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് പെൻഷൻ സംഘടനയുമായി നടത്തിയ ചർച്ചയിൽ പെൻഷൻ ഫണ്ട് കോർപ്പസ് ഫണ്ട് ആക്കി ഗസറ്റ് വിജ്ഞാപനം ചെയ്യാമെന്നും ടി ഫണ്ട് അപര്യാപതമായതിനാൽ അമ്പതു കോടി രൂപ ഫണ്ടിൽ നിക്ഷേപിക്കാമെന്നും തീരുമാനിച്ച് ഉത്തരവായിട്ടുള്ളതാണെന്നും എന്നാൽ മേൽപ്പറഞ്ഞ കാര്യങ്ങൾ ഇന്നേവരെ ഫലപ്രാപ്തിയിൽ എത്തിയിട്ടില്ലെന്നും മറ്റും വിവരിച്ചുള്ള തിരുവിതാംകൂർ ദേവസ്വം സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ പരാമർശം 3 കത്ത് ലഭിച്ചു. കൂടാതെ പ്രതിഷേധത്തിന്റെ ഭാഗമായി 25-06-2018 തിങ്കളാഴ്ച എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ് പടിക്കലും ധർണ്ണ നടത്തുന്നതാണെന്ന് ടി കത്തിൽ അറിയിച്ചിട്ടുള്ളതാണ്.

ദേവസ്വം കോമ്പൗണ്ടിനുള്ളിലും ദേവസ്വം ഭരണം നടത്തുന്ന ആഫീസ് കോമ്പൗണ്ടിനുള്ളിലും സമരപരിപാടികളോ പ്രതിഷേധ മാർച്ചുകളോ മുദ്രവാക്യം വിളികളോ നടത്തുന്നത് നിരോധിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി പരാമർശം 1 -ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പരാമർശം 2 -ൽ ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

ടി വിഷയം ബോർഡ് പരിശോധിച്ചു. ബഹു: ഹൈക്കോടതിയുടെ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

**സെക്രട്ടറി**

(മറുപുറം)